"ഭരണഭാഷ- മാതൃഭാഷ" കേരളം സർക്കാർ

നമ്പർ. C2/76/2026-IandPRD

ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (സി) വകുപ്പ്

തിരുവനന്തപുരം

തിയതി: 17-10-2026

## 'റിപ്പബ്ലിക് ദിന പരേഡ് 2027'- ടാബ്ലോ ഡിസൈനുകൾ താത്പര്യപത്രം

2027 ജനുവരി 26 ന് കേന്ദ്രപ്രതിരോധ മന്ത്രാലയം ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന റിപ്പബ്ലിക് ദിന പരേഡിനോടനുബന്ധിച്ച് കേരളത്തിനായി ടാബ്ലോ അവതരിപ്പിക്കുന്നതിന് ഇക്കാര്യത്തിൽ പരിചയസമ്പന്നരും ഈ മേഖലയിൽ പ്രവൃത്തിപരിചയമുള്ളവരിൽ നിന്നും താത്പര്യപത്രം ക്ഷണിക്കുന്നു. ഇതിനായി കേന്ദ്രപ്രതിരോധ മന്ത്രാലയം നൽകിയിരിക്കുന്ന തീം;

**" ശക്തി കി സപ്തധാരഃ സമർത്ത് ഭാരത് , വികസിത് ഭാരത്"**

(2) ഒരു വ്യക്തിക്ക്/ ഏജൻസിക്ക് ഒന്നിലധികം വിഷയങ്ങളിൽ ഡിസൈനുകൾ സമർപ്പിക്കാവുന്നതാണ്. ഡിസൈനുകൾ സമർപ്പിക്കുന്നതിനുള്ള കേന്ദ്രപ്രതിരോധ മന്ത്രാലയത്തിന്റെ മാർഗനിർദേശങ്ങൾ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ (www.prd.kerala.gov.in) കാണാവുന്നതാണ്. പ്രസ്തുത മാർഗനിർദേശങ്ങൾ പാലിച്ചാകണം ഡിസൈനുകൾ സമർപ്പിക്കേണ്ടത്. യഥാസമയം ലഭ്യമാകുന്ന ഡിസൈനുകളിൽ നിന്നും ഉചിതമായവ വകുപ്പ് തെരഞ്ഞെടുക്കുന്നതാണ്. തെരഞ്ഞെടുത്ത ഡിസൈൻ സമർപ്പിച്ചവർ ന്യൂഡൽഹിയിൽ നടക്കുന്ന കേന്ദ്രപ്രതിരോധ മന്ത്രാലയത്തിന്റെ സെലക്ഷൻ പ്രൊസസിൽ വകുപ്പിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനൊപ്പം ഡിസൈനർ/ ആർട്ടിസ്റ്റ്/ഫാബ്രിക്കേറ്റർ പങ്കെടുക്കേണ്ടതും, ഡിസൈന് സെലക്ഷൻ ലഭ്യമാകുന്ന പക്ഷം ആയതിന്റെ ഫാബ്രിക്കേഷൻ വർക്കുകൾ നിർവഹിക്കേണ്ടതുമാണ്.

(3) ബന്ധപ്പെട്ട മേഖലയിൽ രണ്ടു വർഷത്തെ പ്രവൃത്തിപരിചയമുള്ള, സമാനമായ സർക്കാർ പ്രോഗ്രാമുകളിൽ ഡിസൈനുകൾ സമർപ്പിച്ചിട്ടുള്ള ഏജൻസികൾക്കും ആർട്ടിസ്റ്റുകൾക്കും അപേക്ഷിക്കാം. താലര്യമുള്ള ആർട്ടിസ്റ്റ്/ ഡിസൈനർ മേൽ സൂചിപ്പിച്ചിട്ടുള്ള തീം അടിസ്ഥാനപ്പെടുത്തി ഒരു ഡിസൈൻ തയ്യാറാക്കി അത് വീഡിയോ ഫോർമാറ്റിൽ ജഡ്ജിങ് കമ്മിറ്റി മുമ്പാകെ 2026 ഒക്ടോബർ 29 ന് രാവിലെ 11 മണിയ്ക്ക്, തിരുവനന്തപുരത്ത്, സെക്രട്ടേറിയറ്റിൽ, ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിലെ പി.ആർ.ചേമ്പറിൽ പ്രസൻ്റേഷൻ അവതതരിപ്പിക്കേണ്ടതാണ്. ഒരു ഏജൻസി/വ്യക്തിക്ക് ഡിസൈൻ അവതരിപ്പിക്കാൻ പരമാവധി 30 മിനിറ്റ് അനുവദിക്കുന്നതായിരിക്കും. പ്രൊഡിസൈൻ, ക്രിയേറ്റിവ്സ്, ഫാബ്രിക്കേഷൻ വർക്കുകളുടെ പ്രൊപ്പോസലിൽ വിശദമായ കോസ്റ്റ് എസ്റ്റിമേറ്റ് ഉൾപ്പെടുത്തേണ്ടതും, പ്രസ്തുത തുക പരമാവധി 35 ലക്ഷം (മുപ്പത്തി അഞ്ച് ലക്ഷം) രൂപയ്ക്കുള്ളിൽ അധികരിക്കാനും പാടില്ല. പ്രൊപ്പോസൽ അവതരണ ദിവസം തന്നെ ഇൻഫർമേഷൻ ആൻഡ് പബ്ലിക്

റിലേഷൻസ് വകുപ്പിൽ സമർപ്പിക്കേണ്ടതുമാണ്. തെരഞ്ഞെടുക്കപ്പെട്ടന്ന ഏജൻസി/ വ്യക്തി തന്നെ ഡിസൈൻ അടിസ്ഥാനമാക്കിയുള്ള ടാബ്ലോയ്ഡിന്റെ ജോലികളും നിർവഹിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് :- **0471-2518678, 0471-2518013, 7907246337**

സബിൻ സമീദ് ഐ എ എസ്
ഡയറക്ടർ

പകർപ്പ് :-
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)